# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ17<br>December17 | 2020 |
| --- | --- |

1195 ധനു 02 വ്യാഴം

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**വനിതാ കമ്മിഷൻ അദാലത്ത് ഇന്ന് (18)**

കേരള വനിതാ കമ്മിഷന്റെ പത്തനംതിട്ട ജില്ലയിലെ അദാലത്ത് ഇന്ന് (18) രാവിലെ 10.30 മുതൽ പറക്കോട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടക്കും. പൂർണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും അദാലത്ത് സംഘടിപ്പിക്കുക. പരാതിക്കാരെയും എതിർകക്ഷികളെയും മാത്രമേ അദാലത്ത് നടക്കുന്ന ഹാളിൽ പ്രവേശിപ്പിക്കുകയുള്ളൂ. കുട്ടികളെയും പ്രത്യേകിച്ച്, പത്ത് വയസിനു താഴെയുള്ളവർ, മുതിർന്ന പൗരൻമാർ, രോഗമുള്ളവർ എന്നിവരെ കൂടെക്കൊ ുവരുന്നത് കഴിയുന്നതും ഒഴിവാക്കണം. അദാലത്തിനെത്തുന്നവർ നിർബന്ധമായും മാസ്ക് ധരിച്ചിരിക്കണം.

(പിഎൻപി 4916/20)

**രജിസ്ട്രേഷൻ പുതുക്കാൻ അവസരം**

ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ 01.01.1999 മുതൽ എംപ്ലോയമെന്റ് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട വിമുക്തഭടന്മാർ 2021 ഫെബ്രുവരി 28 നകം രജിസ്ട്രേഷൻ പുതുക്കണമെന്ന് ജില്ലാ സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു. ഫോൺ: 0468 2222104.

(പിഎൻപി 4917/20)

## സൗജന്യ പരിശീലനം

പത്തനംതിട്ട എസ്.ബി.ഐ ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിൽ ആരംഭിക്കുന്ന സൗജന്യ തയ്യൽ പരിശീലന കോഴ്സിലേക്ക് പ്രവേശനം ആരംഭിച്ചു. 30 ദിവസമാണ് പരിശീലന കാലാവധി. 18 നും 45 നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. ഫോൺ : 0468 2270244, 2270243.

(പിഎൻപി 4918/20)

## വനിതകൾക്ക് ഹോം ഗാർഡ്സ് നിയമനം

പത്തനംതിട്ട ജില്ലയിൽ പോലീസ് അല്ലെങ്കിൽ ഫയർ ആന്റ് റെസ്ക്യൂ സർവീസസ് വകുപ്പുകളിലെ ഡ്യൂട്ടിക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന ഹോംഗാർഡ്സ് വിഭാഗത്തിൽ നിലവിൽ ഉള്ളതും ഭാവിയിൽ പ്രതീക്ഷിക്കപ്പെടുന്ന ഒഴിവുകളിലേക്ക് യോഗ്യരായ വനിതാ ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

അടിസ്ഥാന യോഗ്യത- ആർമി,നേവി,എയർഫോഴ്സ്,ബി.എസ്.എഫ് ,സി.ആർ.പി.എഫ്,സി.ഐ.എസ്.എഫ്.,എൻ.എസ്.ജി.,എസ്.എസ്.ബി.,ആസാം റൈഫിൾസ് എന്നീ അർദ്ധസൈനിക വിഭാഗങ്ങളിൽ നിന്നും, പോലീസ്, ഫയർ ആന്റ് റെസ്ക്യൂ സർവീസസ്, എക്സൈസ്, ഫോറസ്റ്റ്, ജയിൽ എന്നീ സംസ്ഥാന സർവീസുകളിൽ നിന്നും വിരമിച്ച സേനാംഗമായിരിക്കണം (വനിതകൾ മാത്രം). വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ യോഗ്യത.പ്രായപരിധി 35 - 58.ദിവസ വേതനം- 765 രൂപ (പ്രതിമാസ പരിധി 21,420 രൂപ).അവസാന തീയതി 2021 ജനുവരി 12. അപേക്ഷാ ഫോറത്തിന്റെ മാതൃക ഫയർ ആന്റ് റെസ്ക്യൂ സർവീസസ് പത്തനംതിട്ട ജില്ലാ ഫയർ ഓഫീസിൽ ലഭിക്കും. അപേക്ഷ ജില്ലാ ഫയർ ഓഫീസിൽ സമർപ്പിക്കണം. യോഗ്യരായ ഉദ്യോഗാർഥികളെ കായിക ക്ഷമതാ പരിശോധനയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കും. പ്രായം കുറഞ്ഞ ഉദ്യോഗാർഥികൾക്ക് നിയമനത്തിൽ മുൻതൂക്കം ലഭിക്കും. കായികക്ഷമതാ പരിശോധന തീയതി പിന്നീട് അറിയിക്കും.

അപേക്ഷയോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ് മൂന്ന് എണ്ണം, ഡിസ്ചാർജ് സർട്ടിഫിക്കറ്റിന്റെ അല്ലെങ്കിൽ മുൻ സേവനം തെളിയിക്കുന്ന രേഖയുടെ പകർപ്പ് എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ യോഗ്യത തെളിയിക്കുന്ന രേഖയുടെ പകർപ്പ്,അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസർ നൽകിയ ശാരീരികക്ഷമതാ സാക്ഷ്യപത്രം.ഫോൺ: 9497920097, 9497920112.

(പിഎൻപി 4919/20)

## ടെ ർ ക്ഷണിച്ചു

റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ വരുന്ന ളാഹ, മഞ്ഞത്തോട്, ചാലക്കയം, മൂഴിയാർ, കൊക്കാതോട്, മണ്ണീറ എന്നീ പ്രദേശങ്ങളിൽ താമസിക്കുന്ന ജില്ലയിലെ 95 നൊമാഡിക് മലമ്പ ാര കുടുംബങ്ങൾക്ക് ഭക്ഷണം പാകം ചെയ്യുന്നതിന് വേ അലുമിനിയം കലം, അലുമിനിയം ബക്കറ്റ്,ചീനചട്ടി തുടങ്ങി പത്തിനം ഗുണനിലവാരമുള്ള പാത്രങ്ങൾ വിതരണം ചെയ്യുന്നതിന താത്പര്യമുള്ള വ്യക്തികൾ അല്ലെങ്കിൽ സ്ഥാപനങ്ങളിൽ നിന്നും ടെ ർ ക്ഷണിച്ചു. ടെ ർ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 30 ന് വൈകിട്ട് മൂന്നിനകം. ഫോൺ: 04735 227703.

(പിഎൻപി 4920/20)

## പരീക്ഷ നടക്കും

ബുറേവി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ഈ മാസം നാലിന് നടക്കേ ിയിരുന്ന റൂറൽ ഡെവലപ്മെന്റ് വകുപ്പിലെ ലക്ചറർ ഗ്രേഡ് വൺ റൂറൽ എഞ്ചിനീയറിംഗ് (കാറ്റഗറി നം. 068/2015) തസ്തികയുടെ ഒ.എം.ആർ പരീക്ഷ ഈ മാസം 12 ന് രാവിലെ 10.30 മുതൽ 12.15 വരെ നടക്കും. ഓമല്ലൂർ ഗവ.എച്ച്.എസ.എസിൽ (സെന്റർ നം. 1006) പരീക്ഷാ കേന്ദ്രമായി അനുവദിച്ച രജിസ്റ്റർ നമ്പർ 100978 മുതൽ 101108 വരെയുള്ള ഉദ്യോഗാർഥികൾ പത്തനംതിട്ട ഗവ. എച്ച.എസ്.എസ് ആൻഡ് വി.എച്ച്.എസിൽ നിലവിലെ ഹാൾടിക്കറ്റുമായി നിശ്ചിതസമയത്ത് ഹാജരാകണമെന്ന് പത്തനംതിട്ട പി.എസ്.സി ജില്ലാ ഓഫീസർ അറിയിച്ചു.

(പിഎൻപി 4921/20)

## ക്വട്ടേഷൻ ക്ഷണിച്ചു

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പത്തനംതിട്ട ജില്ലാ പ്രൊബേഷൻ ഓഫീസിലേക്ക് 2021 ജനുവരി ഒന്നുമുതൽ മാർച്ച്31 വരെ ജീപ്പ് അല്ലെങ്കിൽ കാർ വാടകയ്ക്ക നൽകുന്നതിന് വ്യക്തികൾ അല്ലെങ്കിൽ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 23 ന് ഉച്ചയ്ക്ക് ര ിനകം. ഫോൺ: 0468 2325242.

(പിഎൻപി 4922/20)



**കേരളസർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| ഡിസംബർ17<br>**December17** | **2020** |

**1195 ധനു 02 വ്യാഴം**

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

പി.എസ്.സി പരീക്ഷ; ജില്ല മാറ്റാൻ അവസരം

കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പൊതു പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച് കൺഫർമേഷൻ നൽകിയ പത്തനംതിട്ട ജില്ലയിലെ ഉദ്യോഗാർഥികൾക്ക് അവരുടെ ചോദ്യപേപ്പറിന്റെ മാധ്യമം, പരീക്ഷയെഴുതേ താൻ ജില്ല, എന്നിവയിൽ മാറ്റം വരുത്താൻ അവസരം. ഉദ്യോഗാർഥികൾ തങ്ങളുടെ യൂസർ ഐ.ഡി, മൊബൈൽ ഫോൺ നമ്പർ, മാറ്റം വേ ചോദ്യപേപ്പർ മാധ്യമം, മാറ്റം വരുത്തേ ജില്ല എന്നീ വിവരങ്ങൾ ഉൾപ്പെടെ ഈ മാസം 21 ന് വൈകിട്ട് അഞ്ചിനകം ബന്ധപ്പെട്ട ജില്ലാ ഓഫീസർക്ക് അപേക്ഷ നൽകണം. 21 ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ലെന്ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ ജില്ലാ ഓഫീസർ അറിയിച്ചു.

(പിഎൻപി 4923/20)

ഗതാഗത നിയന്ത്രണം

ഓമല്ലൂർ - പ്രക്കാനം റോഡിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ഇതുവഴിയുള്ള വാഹനങ്ങൾ ഇന്നു (18 ) മുതൽ സന്തോഷ് മുക്ക് -മുട്ടുകുടുക്ക -പ്രക്കാനം വഴി പോകണമെന്ന് പത്തനംതിട്ട പൊതുമരാമത്ത് വകുപ്പ് നിരത്ത് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

(പിഎൻപി 4924/20)

ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കണം

ര ാംലോക മഹായുദ്ധ സേനാനികൾക്കും വിധവകൾക്കുമുള്ള പ്രതിമാസ സാമ്പത്തിക സഹായം തുടർന്ന് ലഭിക്കുന്നതിന് ഈ മാസം 31 ന് മുൻപ് ലൈഫ് സർട്ടിഫിക്കറ്റ് ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ സമർപ്പിക്കണം. ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തവർക്ക് സാമ്പത്തിക സഹായം തുടർന്ന് ലഭിക്കുന്നതല്ലെന്ന് ജില്ലാ സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു. ഫോൺ: 0468 2222104.

(പിഎൻപി 4925/20)



കേരളസർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

| ഡിസംബർ17<br>December17 | 2020 |
| --- | --- |

1195 ധനു 2 ബുധൻ

# പത്രക്കുറിപ്പ്-3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**പത്തനംതിട്ട ജില്ലയിലെ പുതിയ കണ്ടെയ്ൻമെന്റ് സോണുകൾ**

ഏറത്ത് ഗ്രാമപഞ്ചായത്തിലെ വാർഡ് 3 (ചരുവിൽ കോളനി ഭാഗം, കുന്നപ്പുറം ഭാഗം), വാർഡ് 6 (കിളിവയൽ കോളനി ഭാഗം), കൊടുമൺ ഗ്രാമപഞ്ചായത്തിലെ വാർഡ് 15 (പറവിലപ്പടി ,ചക്കാലപ്പടി, കുരിശു കവലയ്ക്കടുത്തുള്ള പൊയ്കയിൽ ജംഗ്ഷൻ എന്നീ ഭാഗങ്ങൾ) എന്നീ പ്രദേശങ്ങളിൽ ഡിസംബർ 17 മുതൽ 7 ദിവസത്തേക്ക് കണ്ടെയ്ൻമെന്റ് സോൺ നിയന്ത്രണം.

രോഗം സ്ഥിരീകരിച്ചവരുടെ പ്രാഥമിക സമ്പർക്കപട്ടിക ഉയരുന്നതു കണക്കിലെടുത്ത ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ശുപാർശ പ്രകാരമാണ് പുതിയ കണ്ടെയ്ൻമെന്റ് സോണുകൾ ജില്ലാ കളക്ടർ പി.ബി. നൂഹ് പ്രഖ്യാപിച്ചത്.

(പിഎൻപി 4926/20)

**തിരുത്തിയത്... തീയതിയിൽ മാറ്റം**
..............................
**പരീക്ഷ നടക്കും**

ബുറേവി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ഈ മാസം നാലിന് നടക്കേണ്ടിയിരുന്ന റൂറൽ ഡെവലപ്മെന്റ് വകുപ്പിലെ ലക്ചറർ ഗ്രേഡ് വൺ റൂറൽ എഞ്ചിനീയറിംഗ് (കാറ്റഗറി നം. 068/2015) തസ്തികയുടെ ഒ.എം.ആർ പരീക്ഷ ഈ മാസം 19 ന് രാവിലെ 10.30 മുതൽ 12.15 വരെ നടക്കും. ഓമല്ലൂർ ഗവ.എച്ച്.എസ്.എസിൽ (സെന്റർ നം. 1006) പരീക്ഷാ കേന്ദ്രമായി അനുവദിച്ച രജിസ്റ്റർ നമ്പർ 100978 മുതൽ 101108 വരെയുള്ള ഉദ്യോഗാർഥികൾ പത്തനംതിട്ട ഗവ. എച്ച്.എസ്.എസ് ആൻഡ് വി.എച്ച്.എസിൽ നിലവിലെ ഹാൾടിക്കറ്റുമായി നിശ്ചിതസമയത്ത് ഹാജരാകണമെന്ന് പത്തനംതിട്ട പി.എസ്.സി ജില്ലാ ഓഫീസർ അറിയിച്ചു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ17<br>December17 | 2020 |
|---|---|

**1195 ധനു 2 ബുധൻ**

# പത്രക്കുറിപ്പ്-4

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

---

**പന്തളത്തെ കൊലപാതകം:**
**പ്രതിയെ ക ത്തിയത് പോലീസിന്റെ ചടുല നീക്കത്തിലൂടെ**

പന്തളം കുരമ്പാലയിൽ വോട്ടെണ്ണൽ ദിവസം കൊല്ലപ്പെട്ട നിലയിൽ സ്ത്രീയുടെ മൃതദേഹം ക ത്തിയ സംഭവത്തിൽ പ്രതിയെ ക ത്തിയത് പോലീസിന്റെ വലിയ നേട്ടമാണെന്ന് ജില്ലാപോലീസ് മേധാവി കെ.ജി. സൈമൺ പറഞ്ഞു. കൊലപാതകമാണെന്ന് വ്യക്തമായപ്പോൾ തന്നെ ശാസ്ത്രീയ അന്വേഷണ സംഘത്തെയും വിരലടയാള വിദഗ്ധരെയും ഡോഗ് സ്ക്വാഡിനെയും സ്ഥലത്തെത്തിക്കുകയും, പഴുതടച്ച ശാസ്ത്രീയ അന്വേഷണം ഉറപ്പാക്കുകയും ചെയ്തു.

വോട്ടെണ്ണൽ ദിവസത്തെ തിരക്കുകൾക്കിടയിലും കാലതാമസം കൂടാതെ കൃത്യമായ അന്വേഷണം നടത്തുന്നതിന് വേ നടപടികൾ സ്വീകരിച്ചു. ഈ കേസിൽ സ്റ്റേഷനിലെ ജനമൈത്രി ബീറ്റ് ഓഫീസർ അമീഷിന്റെ സമയോചിതമായ ഇടപെടൽ പ്രതിയെ വളരെവേഗം ക ത്താൻ കാരണമായി. സംഭവം അറിഞ്ഞയുടൻ സ്റ്റേഷൻ പരിധിയിലുള്ള എല്ലാ കോളനികളിലും ബീറ്റ് ഓഫീസർ ബന്ധപ്പെട്ടിരുന്നു. ചാക്കിനുള്ളിൽ കാണപ്പെട്ട സ്ത്രീയുടെ മൃതദേഹത്തിലെ പാദസരം ശ്രദ്ധയിൽപെടുകയും 60 വയസ് പ്രായം തോന്നിക്കുന്ന ഇത്തരത്തിൽ പാദസരം ധരിക്കുന്ന സ്ത്രീയു ോ എന്ന് അന്വേഷിക്കുകയും ചെയ്തു.

സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചാരണം നൽകിയതിന്റെ അടിസ്ഥാനത്തിൽ വളരെവേഗം തന്നെ കുരമ്പാല പറയന്റയ്യത്തു വീട് ക ത്തുകയുമായിരുന്നു. വീട്ടിൽ ആരെയും കാണാഞ്ഞതിനെ തുടർന്ന് അയൽവാസികളോട് അന്വേഷിച്ചു. വീട്ടിൽ താമസക്കാരായ ഭാര്യാഭർത്താക്കന്മാർ സ്ഥിരമായി വഴക്കാണെന്നു അന്വേഷണത്തിൽ വ്യക്തമായി. തുടർന്ന് ഭർത്താവിനെക്കുറിച്ചുള്ള അന്വേഷണത്തിനോടുവിൽ പ്രതിയായ മധുസൂദനൻ ഉണ്ണിത്താനെ ക ത്തി. ഇയാളുടെ ഫോൺ നമ്പറിന്റെ ടവർ ലൊക്കേഷൻ സൈബർ പോലീസ് ഉദ്യോഗസ്ഥർ ക ത്തുകയും തുടർന്ന് പോലീസ് അറസ്റ്റ് ചെയ്യുകയുമായിരുന്നു.

കൊല്ലപ്പെട്ട സ്ത്രീ പ്രതിയുടെ ര ാം ഭാര്യയാണ്. ടാപ്പിംഗ് തൊഴിലാളിയായ ഇയാൾ വഴക്കിനെതുടർന്നു സ്ത്രീയെ ടാപ്പിംഗ് കത്തികൊ ് കുത്തികൊലപ്പെടുത്തിയശേഷം ചാക്കിൽ കെട്ടി കൊ ിടുകയായിരുന്നു. ജനമൈത്രി ബീറ്റ് ഓഫീസർ എന്ന നിലയ്ക്കുള്ള നാട്ടിലെ വിവിധ ആളുകളുമായുള്ള ബന്ധം അമീഷിന് പ്രയോജനപ്പെടുത്താനായതാണ് പ്രതിയെ ക ത്തുന്നതിലേക്ക്

നയിച്ചത്. അന്വേഷണത്തിൽ ഏർപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥരും പ്രത്യേക പ്രശംസ അർഹിക്കുന്നുവെന്നും ജില്ലാപോലീസ് മേധാവി പറഞ്ഞു.

***ഫോട്ടോ അടിക്കുറിപ്പ് – അമീഷ്:*** – ജനമൈത്രി ബീറ്റ് ഓഫീസർ അമീഷ്.

(പിഎൻപി 4927/20)

## ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പിക്ക് ഡിജിപിയുടെ ഉന്നത ബഹുമതി

സംസ്ഥാന പോലീസ് മേധാവി നൽകുന്ന ഉന്നത ബഹുമതി നേടി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പി ആർ. ജോസ്. ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പി എന്ന നിലയിലുള്ള മികച്ച പ്രവർത്തനങ്ങൾക്ക് സംസ്ഥാന പോലീസ് മേധാവി നൽകുന്ന ഉന്നത ബഹുമതിയായ കമന്റേഷനാണ് ആർ.ജോസ് അർഹനായത്.

സംസ്ഥാനത്ത് ഈ നേട്ടം സ്വന്തമാക്കുന്ന ഏക സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പിയാണ്. സംസ്ഥാന പോലീസ് ചരിത്രത്തിൽ ആദ്യമായി രാഷ്ട്രപതിയുടെ മെഡൽ, കേസ് അന്വേഷണ മികവിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ബഹുമതി എന്നീ അപൂർവ ഇരട്ട പുരസ്കാരങ്ങൾ സ്വന്തമാക്കിയ ജില്ലാപോലീസ് മേധാവി കെ.ജി. സൈമൺ നയിക്കുന്ന ജില്ലാപോലീസിന്റെ മികവിന് ഇത് മറ്റൊരു പൊൻതൂവലായി.

2019 ഫെബ്രുവരി മുതൽ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പിയായി ചുമതല വഹിച്ചുവരുന്ന ആർ.ജോസ് തിരുവനന്തപുരം സ്വദേശിയും പത്തനംതിട്ട ജില്ലയിൽ സ്ഥിരതാമസക്കാരനുമാണ്. ഈ സ്ഥാനത്തിരുന്നുകൊ ് കാട്ടിയ മികച്ച പ്രൊഫസഷണലിസവും കഠിനാധ്വാനവും അർപ്പണമനോഭാവവും പരിഗണിച്ചാണ് ഡിജിപി ബഹുമതി നൽകിയിരിക്കുന്നത്. പുരസ് കാരം ജില്ലാ പോലീസ് മേധാവി കെ.ജി. സൈമണിൽ നിന്നും ഏറ്റുവാങ്ങി.

രഹസ്യവിവരശേഖരണവുമായി ബന്ധപ്പെട്ട് തയാറാക്കി സമർപ്പിച്ച നിരവധി റിപ്പോർട്ടുകളും രഹസ്യമായി നടത്തി വിജയത്തിലെത്തിയ ചില ഓപ്പറേഷനുകളും മോക് ഡ്രില്ലുകളും ഈ അപൂർവ ബഹുമതിക്ക് അർഹനാക്കുകയായിരുന്നു. കൂടാതെ, പാസ്പോർട്ട് വെരിഫിക്കേഷൻ ഏറ്റവും വേഗത്തിൽ നടത്തുന്നതിൽ സംസ്ഥാനത്ത് ര ാമത് എത്തി എന്ന നേട്ടവും ജില്ലയ്ക്ക് നേടിക്കൊടുക്കുന്നതിൽ നിർണായകമായതു ഇദ്ദേഹത്തിന്റ പ്രവർത്തനമാണ്. ഈ കാലഘട്ടത്തിൽ ഇത്തരം പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് മികച്ച നിലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ ബ്രാഞ്ച് യൂണിറ്റാക്കി പരിവർത്തിക്കുന്നതിൽ വിജയിച്ചു എന്നു ക ത്തിയതിനെ തുടർന്നാണ് അപൂർവ ബഹുമതി. സംസ്ഥാനത്തെ മുഴുവനും, ജില്ലയെ പ്രത്യേകിച്ചും ബാധിക്കുന്ന അതീവ പ്രാധാന്യമുള്ള വിവിധ വിഷയങ്ങളിൽ ശേഖരിച്ചു സമർപ്പിക്കപ്പെട്ട രഹസ്യവിവരങ്ങൾ സംബന്ധിച്ച റിപോർട്ടുകൾ പരിഗണിക്കപ്പെട്ടതായി കമന്റേഷൻ സമ്മാനിച്ചുകൊ ് ജില്ലാപോലീസ് മേധാവി പറഞ്ഞു. ഇതുവഴി ജില്ലയ്ക്ക് അനുപമനേട്ടം നൽകിയതിന് സ് പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പിയെ പ്രത്യേകം അഭിനന്ദിക്കുന്നതായും ജില്ലാപോലീസ് മേധാവി കൂട്ടിച്ചേർത്തു.

***ഫോട്ടോ അടിക്കുറിപ്പ് – സ്പെഷൽ ബ്രാഞ്ച്:*** –

സംസ്ഥാന പോലീസ് മേധാവി നൽകുന്ന ഉന്നത ബഹുമതിയായ കമന്റേഷൻ പുരസ്കാരം ജില്ലാ പോലീസ് മേധാവി കെ.ജി. സൈമണിൽ നിന്നും ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പി ആർ.ജോസ് ഏറ്റുവാങ്ങുന്നു.

(പിഎൻപി 4928/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


KERALA POLICE



# പത്തനംതിട്ട ജില്ല
# കോവിഡ് 19 കൺട്രോൾ സെൽ ബുള്ളറ്റിൻ
# തീയതി. 17.12.2020

……………………………………………………………………………

പത്തനംതിട്ട ജില്ലയിൽ ഇന്ന് 432 പേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചു.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 10 പേർ വിദേശത്ത് നിന്ന് വന്നവരും, 32 പേർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്നവരും, 390 പേർ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്. ഇതിൽ സമ്പർക്കപശ്ചാത്തലം വ്യക്തമല്ലാത്ത 56 പേരു ്.

ഇന്ന് രോഗബാധിതരായവരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക്

ക്രമ നമ്പർ, തദ്ദേശസ്വയംഭരണ സ്ഥാപനം,

രോഗബാധിതരായവരുടെ എണ്ണം എന്ന ക്രമത്തിൽ:

1 അടൂർ
(പന്നിവിഴ, കൊന്നമൺകര, മൂന്നാളം, ആനന്ദപ്പള്ളി, പറക്കോട്, അടൂർ) 17

2 പന്തളം
(തോന്നല്ലൂർ, പൂഴിക്കാട്, കുരമ്പാല) 13

3 പത്തനംതിട്ട
(കുമ്പഴ, മു ുകോട്ടയ്ക്കൽ, പത്തനംതിട്ട, അഴൂർ) 13

4 തിരുവല്ല
(കാട്ടൂർക്കര, മഞ്ഞാടി, തിരുമൂലപുരം, ചുമത്ര, മതിൽഭാഗം) 18

5 ആനിക്കാട്
(ആനിക്കാട്, നൂറോമാവ്) 6

6 ആറന്മുള
(ആറന്മുള) 2

7 അരുവാപുലം
(അരുവാപുലം, കല്ലേലി, കൊക്കാത്തോട്, ഐരവൺ) 9

8 അയിരൂർ
(അയിരൂർ വെള്ളിയറ, കാഞ്ഞീറ്റുകര, ഇടപ്പാവൂർ) 9

9 ചെറുകോൽ 1

10 ചിറ്റാർ
(ചിറ്റാർ) 4

11 ഏറത്ത്
(വെള്ളകുളങ്ങര, കിളിവയൽ, ചൂരക്കോട്, മണക്കാല, വടക്കടത്തുകാവ്) 25
12 ഇലന്തൂർ
(നെല്ലിക്കാല, ഇടപ്പരിയാരം, ഇലന്തൂർ) 6
13 ഏനാദിമംഗലം
(ഇളമണ്ണൂർ, കുറുമ്പകര) 3
14 ഇരവിപേരൂർ
(ഇരവിപേരൂർ, ഓതറ, വള്ളംകുളം) 9
15 ഏഴംകുളം
(നെടുമൺ, ഏനാത്ത്, കൈതപ്പറമ്പ്, വയല, ഏനാത്ത്) 12
16 എഴുമറ്റൂർ
(എഴുമറ്റൂർ) 3
17 കടമ്പനാട്
(തുവയൂർ, തുവയൂർ സൗത്ത്, നെല്ലിമുകൾ, മണ്ണടി, കടമ്പനാട്) 27
18 കടപ്ര
(പരുമല, വളഞ്ഞവട്ടം, കടപ്ര) 13
19 കലഞ്ഞൂർ
(പാടം, നെടുമൺകാവ്, മുറിഞ്ഞകൽ, കൂടൽ) 9
20 കല്ലൂപ്പാറ
(പരിയാരം, കല്ലൂപ്പാറ) 2
21 കവിയൂർ
(കവിയൂർ, കോട്ടൂർ, തോട്ടഭാഗം) 10
22 കൊടുമൺ
(അങ്ങാടിക്കൽ, അങ്ങാടിക്കൽ നോർത്ത്, കൊടുമൺ) 7
23 കോയിപ്രം
(വരയന്നൂർ, വെണ്ണികുളം, കുറവൻകുഴി, കുന്നത്തുകര, പൂവത്തൂർ, കുമ്പനാട്, പുല്ലാട്) 17
24 കോന്നി
(മാരൂർപാലം, കൊന്നപ്പാറ, അതുമ്പുംകുളം, മങ്ങാരം) 8
25 കൊറ്റനാട്
(കൊറ്റനാട്) 7
26 കോട്ടാങ്ങൽ
(പാടിമൺ, ചുങ്കപ്പാറ, വായ്പ്പൂർ, കോട്ടാങ്ങൽ) 7
27 കോഴഞ്ചേരി

(കോഴഞ്ചേരി, മേലുകര) 6
28 കുളനട
(മാന്തുക, ഞെട്ടൂർ, കുളനട) 4
29 കുന്നന്താനം
(ആഞ്ഞിലിത്താനം, കുന്നന്താനം) 3
30 കുറ്റൂർ
(വെൺപാല, തെങ്ങേലി, വെസ്റ്റ് ഓതറ, കുറ്റൂർ) 19
31 മലയാലപ്പുഴ
(ചെങ്ങറ, താഴം, വെട്ടൂർ) 5
32 മല്ലപ്പള്ളി
(പരിയാരം, മല്ലപ്പള്ളി) 3
33 മെഴുവേലി
(മെഴുവേലി, കാരിത്തോട്ട) 4
34 നാറാണംമൂഴി
(നാറാണംമൂഴി, അടിച്ചിപ്പുഴ, കക്കുടുമൺ) 4
35 നിരണം
(നിരണം) 5
36 ഓമല്ലൂർ
(ഓമല്ലൂർ, മണ്ണാറമല, മഞ്ഞിനിക്കര) 4
37 പള്ളിക്കൽ
(മു പ്പള്ളി, അമ്മക കര, തെങ്ങമം, പള്ളിക്കൽ) 11
38 പന്തളം-തെക്കേക്കര
(കീരുകുഴി, പാറക്കര, പറന്തൽ, ഇടമാലി, മന്നംനഗർ, പെരുമ്പുളിക്കൽ) 21
39 പെരിങ്ങര 1
40 പ്രമാടം
(വി-കോട്ടയം, തെങ്ങുംകാവ്, ളാക്കൂർ, ഇളകൊള്ളൂർ) 4
41 റാന്നി
(റാന്നി) 3
42 റാന്നി പഴവങ്ങാടി
(ചെല്ലക്കാട്, ഐത്തല, കാരികുളം, പഴവങ്ങാടി) 15
43 റാന്നി അങ്ങാടി
(ഉന്നക്കാവ്, ഈട്ടിച്ചുവട്, പുല്ലൂപ്രം, വലിയകാവ്) 9
44 റാന്നി പെരുനാട്
(പെരുനാട്, പമ്പ, നിലയ്ക്കൽ) 14

45 സീതത്തോട്
(കൊച്ചുകോയിക്കൽ, സീതത്തോട്) 7
46 തണ്ണിത്തോട്
(എലിമുള്ളുംപ്ലാക്കൽ, തണ്ണിത്തോട്) 4
47 തോട്ടപ്പുഴശേരി
(ചിറയിറമ്പ്, കുറിയന്നൂർ) 2
48 തുമ്പമൺ
(തുമ്പമൺ) 4
49 വടശേരിക്കര
(തലച്ചിറ, ചെറുകുളഞ്ഞി, പേഴുംപാറ) 6
50 വള്ളിക്കോട്
(വി-കോട്ടയം, കൈപ്പട്ടൂർ) 4
51 വെച്ചൂച്ചിറ
(ചാത്തൻതറ, കുടമുരുട്ടി, വെച്ചൂച്ചിറ) 13

ജില്ലയിൽ ഇതുവരെ ആകെ 24869 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. ഇതിൽ 20643 പേർ സമ്പർക്കം മൂലം രോഗം സ്ഥിരീകരിച്ചവരാണ്.

ഇന്ന് ജില്ലയിൽ കോവിഡ് ബാധിതരായ നാലു പേരുടെ മരണം റിപ്പോർട്ട് ചെയ്തു.

1)നവംബർ 27ന് രോഗബാധ സ്ഥിരീകരിച്ച തിരുവല്ല സ്വദേശി (50) ഡിസംബർ 16ന് എറണാകുളത്തുള്ള സ്വകാര്യ ആശുപത്രിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണതകൾ നിമിത്തം മരണമടഞ്ഞു. 2)ഡിസംബർ ഒന്നിന് രോഗബാധ സ്ഥിരീകരിച്ച അരുവാപുലം സ്വദേശി (86)ഡിസംബർ 16ന് കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണതകൾ നിമിത്തം മരണമടഞ്ഞു.

3) ഏഴംകുളം സ്വദേശി (60) ഡിസംബർ 16ന് സ്വവസതിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണതകൾ നിമിത്തം മരണമടഞ്ഞു. മരണശേഷം നടത്തിയ പ്രാഥമിക സ്രവ പരിശോധനയിൽ രോഗബാധ സ്ഥിരീകരിച്ചു. 4) അടൂർ സ്വദേശി (75) ഡിസംബർ 16ന് സ്വവസതിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണതകൾ നിമിത്തം മരണമടഞ്ഞു. മരണശേഷം നടത്തിയ പ്രാഥമിക സ്രവ പരിശോധനയിൽ രോഗബാധ സ്ഥിരീകരിച്ചു.

ജില്ലയിൽ ഇന്ന് 194 പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം 21441 ആണ്. പത്തനംതിട്ട ജില്ലക്കാരായ 3273 പേർ രോഗികളായിട്ടു ്. ഇതിൽ 3043 പേർ ജില്ലയിലും, 230 പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.

ജില്ലയിൽ ഐസൊലേഷനിലുള്ളവരുടെ എണ്ണം:

ക്രമനമ്പർ, ആശുപത്രികൾ/

സിഎഫ്എൽടിസി/സിഎസ്എൽടിസി എണ്ണം

1 ജില്ലാ ആശുപത്രി കോഴഞ്ചേരി 145
2 റാന്നി മേനാംതോട്ടം സിഎസ്എൽടിസി 33
3 പന്തളം അർച്ചന സിഎഫ്എൽടിസി 148
4 കോഴഞ്ചേരി മുത്തൂറ്റ് സിഎസ്എൽടിസി 161
5 പെരുനാട് കാർമ്മൽ സിഎഫ്എൽടിസി 205
6 പത്തനംതിട്ട ജിയോ സിഎഫ്എൽടിസി 37
7 അടൂർ ഗ്രീൻവാലി സിഎഫ്എൽടിസി 117
8 നെടുമ്പ്രം സിഎഫ്എൽടിസി 22
9 മല്ലപ്പള്ളി സിഎഫ്എൽടിസി 35
10 കോവിഡ്-19 ബാധിതരായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർ 1684
11 സ്വകാര്യ ആശുപത്രികളിൽ 105
ആകെ 2692

ജില്ലയിൽ 4059 കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. വിദേശത്തുനിന്നും തിരിച്ചെത്തിയ 2163 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 3547 പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ 305 പേരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ 37 പേരും ഇതിൽ ഉൾപ്പെടുന്നു.
ആകെ 9769 പേർ നിരീക്ഷണത്തിലാണ്.

ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ

ക്രമനമ്പർ, പരിശോധനയുടെ പേര്, ഇന്നലെ വരെ ശേഖരിച്ചത്, ഇന്ന് ശേഖരിച്ചത്, ആകെ എന്ന ക്രമത്തിൽ:

1 ദൈനംദിന പരിശോധന (ആർടിപിസിആർ ടെസ്റ്റ്) 131017, 919, 131936.

2 റാപ്പിഡ് ആന്റിജൻ പരിശോധന (പുതിയത്) 118728, 1403, 120131.

3 റാപ്പിഡ് ആന്റിജൻ (വീ ും നടത്തിയത്) 7830, 191, 8021.

4 റാപ്പിഡ് ആന്റിബോഡി പരിശോധന 485, 0, 485.

5 ട്രൂനാറ്റ് പരിശോധന 4422, 18, 4440.

6 സി.ബി.നാറ്റ് പരിശോധന 330, 0, 330.

ആകെ ശേഖരിച്ച സാമ്പിളുകൾ 262812, 2531, 265343.

കൂടാതെ ജില്ലയിലെ സ്വകാര്യ ലാബുകളിൽ നിന്ന് ഇന്ന് 2160 സാമ്പിളുകൾ ശേഖരിച്ചിട്ടു ്. ഗവൺമെന്റ് ലാബുകളിലും, സ്വകാര്യ ലാബുകളിലുമായി ഇന്ന് ആകെ 4691 സാമ്പിളുകൾ ശേഖരിച്ചിട്ടു ്. 2124 സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.

ജില്ലയിൽ കോവിഡ്-19 മൂലമുള്ള മരണനിരക്ക് 0.42 ശതമാനമാണ്. ജില്ലയുടെ ഇന്നത്തെ ടെസ്റ്റ് പോസിറ്റീവിറ്റി റേറ്റ് 8.75 ശതമാനമാണ്.

ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ 39 കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 121 കോളുകളും ലഭിച്ചു. ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് 1250 കോളുകൾ നടത്തുകയും, ഒൻപതു പേർക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തു. പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും റിവ്യൂ മീറ്റിംഗ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ വൈകുന്നേരം 4.30 ന് കൂടി. ജില്ലാതല പ്ലാനിംഗ് മീറ്റിംഗ് രാവിലെ 10 ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ കൂടി.

# പത്തനംതിട്ട ജില്ല
## കോവിഡ്-19 കണ്‍ട്രോള്‍ സെല്‍ ബുള്ളറ്റിന്‍
## തീയതി. 17.12.2020

- ജില്ലാതല പ്ലാനിംഗ് മീറ്റിംഗ് രാവിലെ **10** മണിക്ക് ബഹു.ജില്ലാ കളക്ടറുടെ ചേമ്പറില്‍ കൂടി.
- പത്തനംതിട്ട ജില്ലയില്‍ ഇന്ന് **432** പേര്‍ക്ക് കോവിഡ്-**19** സ്ഥിരീകരിച്ചു.
- ഇന്ന് രോഗം സ്ഥിരീകരിച്ചവരില്‍ **10** പേര്‍ വിദേശത്ത് നിന്ന് വന്നവരും, **32** പേര്‍ മറ്റ് സംസ്ഥാനങ്ങളില്‍ നിന്നും വന്നവരും, **390** പേര്‍ സമ്പര്‍ക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്. ഇതില്‍ സമ്പര്‍ക്കപശ്ചാത്തലം വ്യക്തമല്ലാത്ത **56** പേരു ്.

<u>ഇന്ന് രോഗബാധിതരായവരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ തിരിച്ചുള്ള കണക്ക്</u>

| ക്രമ നമ്പര്‍ | തദ്ദേശസ്വയംഭരണ സ്ഥാപനം | രോഗബാധിതരായവരുടെ എണ്ണം |
|---|---|---|
| 1 | അടൂര്‍<br>(പന്നിവിഴ, കൊന്നമണ്‍കര, മൂന്നാളം, ആനന്ദപ്പള്ളി, പറക്കോട്, അടൂര്‍) | 17 |
| 2 | പന്തളം<br>(തോന്നല്ലൂര്‍, പൂഴിക്കാട്, കുരമ്പാല) | 13 |
| 3 | പത്തനംതിട്ട<br>(കുമ്പഴ, മു  ുകോട്ടയ്ക്കല്‍, പത്തനംതിട്ട, അഴൂര്‍) | 13 |
| 4 | തിരുവല്ല<br>(കാട്ടൂര്‍ക്കര, മഞ്ഞാടി, തിരുമൂലപുരം, ചുമത്ര, മതില്‍ഭാഗം) | 18 |
| 5 | ആനിക്കാട്<br>(ആനിക്കാട്, നൂറോമാവ്) | 6 |
| 6 | ആറന്മുള<br>(ആറന്മുള) | 2 |
| 7 | അരുവാപുലം<br>(അരുവാപുലം, കല്ലേലി, കൊക്കാത്തോട്, ഐരവണ്‍) | 9 |
| 8 | അയിരൂര്‍<br>(അയിരൂര്‍ വെള്ളിയറ, കാഞ്ഞീറ്റുകര, ഇടപ്പാവൂര്‍) | 9 |
| 9 | ചെറുകോല്‍ | 1 |
| 10 | ചിറ്റാര്‍<br>(ചിറ്റാര്‍) | 4 |
| 11 | ഏറത്ത്<br>(വെള്ളകുളങ്ങര, കിളിവയല്‍, ചൂരക്കോട്, മണക്കാല, വടക്കടത്തുകാവ്) | 25 |
| 12 | ഇലന്തൂര്‍<br>(നെല്ലിക്കാല, ഇടപ്പരിയാരം, ഇലന്തൂര്‍) | 6 |
| 13 | ഏനാദിമംഗലം<br>(ഇളമണ്ണൂര്‍, കുറുമ്പകര) | 3 |
| 14 | ഇരവിപേരൂര്‍<br>(ഇരവിപേരൂര്‍, ഓതറ, വള്ളംകുളം) | 9 |
| 15 | ഏഴംകുളം<br>(നെടുമണ്‍, ഏനാത്ത്, കൈതപ്പറമ്പ്, വയല, ഏനാത്ത്) | 12 |
| 16 | എഴുമറ്റൂര്‍<br>(എഴുമറ്റൂര്‍) | 3 |
| 17 | കടമ്പനാട്<br>(തുവയൂര്‍, തുവയൂര്‍ സൗത്ത്, നെല്ലിമുകള്‍, മണ്ണടി, കടമ്പനാട്) | 27 |
| 18 | കടപ്ര<br>(പരുമല, വളഞ്ഞവട്ടം, കടപ്ര) | 13 |
| 19 | കലഞ്ഞൂര്‍<br>(പാടം, നെടുമണ്‍കാവ്, മുറിഞ്ഞകല്‍, കൂടല്‍) | 9 |
| 20 | കല്ലൂപ്പാറ<br>(പരിയാരം, കല്ലൂപ്പാറ) | 2 |

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനം | രോഗബാധിതരായവരുടെ എണ്ണം |
|---|---|---|
| 21 | കവിയൂർ<br>(കവിയൂർ, കോട്ടൂർ, തോട്ടഭാഗം) | 10 |
| 22 | കൊടുമൺ<br>(അങ്ങാടിക്കൽ, അങ്ങാടിക്കൽ നോർത്ത്, കൊടുമൺ) | 7 |
| 23 | കോയിപ്രം<br>(വരയന്നൂർ, വെണ്ണികുളം, കുറവൻകുഴി, കുന്നത്തുകര, പൂവത്തൂർ, കുമ്പനാട്, പുല്ലാട്) | 17 |
| 24 | കോന്നി<br>(മാരൂർപാലം, കൊന്നപ്പാറ, അതുമ്പുംകുളം, മങ്ങാരം) | 8 |
| 25 | കൊറ്റനാട്<br>(കൊറ്റനാട്) | 7 |
| 26 | കോട്ടാങ്ങൽ<br>(പാടിമൺ, ചുങ്കപ്പാറ, വായ്പ്പൂർ, കോട്ടാങ്ങൽ) | 7 |
| 27 | കോഴഞ്ചേരി<br>(കോഴഞ്ചേരി, മേലുകര) | 6 |
| 28 | കുളനട<br>(മാന്തുക, ഞെട്ടൂർ, കുളനട) | 4 |
| 29 | കുന്നന്താനം<br>(ആഞ്ഞിലിത്താനം, കുന്നന്താനം) | 3 |
| 30 | കുറ്റൂർ<br>(വെൺപാല, തെങ്ങേലി, വെസ്റ്റ് ഓതറ, കുറ്റൂർ) | 19 |
| 31 | മലയാലപ്പുഴ<br>(ചെങ്ങറ, താഴം, വെട്ടൂർ) | 5 |
| 32 | മല്ലപ്പള്ളി<br>(പരിയാരം, മല്ലപ്പള്ളി) | 3 |
| 33 | മെഴുവേലി<br>(മെഴുവേലി, കാരിത്തോട്ട) | 4 |
| 34 | നാറാണംമൂഴി<br>(നാറാണംമൂഴി, അടിച്ചിപ്പുഴ, കക്കുടുമൺ) | 4 |
| 35 | നിരണം<br>(നിരണം) | 5 |
| 36 | ഓമല്ലൂർ<br>(ഓമല്ലൂർ, മണ്ണാറമല, മഞ്ഞിനിക്കര) | 4 |
| 37 | പള്ളിക്കൽ<br>(മു പ്പള്ളി, അമ്മക കര, തെങ്ങമം, പള്ളിക്കൽ) | 11 |
| 38 | പന്തളം-തെക്കേക്കര<br>(കീരുകുഴി, പാറക്കര, പറന്തൽ, ഇടമാലി, മന്നംനഗർ, പെരുമ്പുളിക്കൽ) | 21 |
| 39 | പെരിങ്ങര | 1 |
| 40 | പ്രമാടം<br>(വി-കോട്ടയം, തെങ്ങുംകാവ്, ളാക്കൂർ, ഇളകൊള്ളൂർ) | 4 |
| 41 | റാന്നി<br>(റാന്നി) | 3 |
| 42 | റാന്നി പഴവങ്ങാടി<br>(ചെല്ലക്കാട്, ഐത്തല, കാരികുളം, പഴവങ്ങാടി) | 15 |
| 43 | റാന്നി അങ്ങാടി<br>(ഉന്നക്കാവ്, ഈട്ടിച്ചുവട്, പുല്ലൂപ്രം, വലിയകാവ്) | 9 |
| 44 | റാന്നി പെരുനാട്<br>(പെരുനാട്, പമ്പ, നിലയ്ക്കൽ) | 14 |
| 45 | സീതത്തോട്<br>(കൊച്ചുകോയിക്കൽ, സീതത്തോട്) | 7 |

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനം | രോഗബാധിതരായവരുടെ എണ്ണം |
|---|---|---|
| 46 | തണ്ണിത്തോട്<br>(എലിമുള്ളുംപ്ലാക്കൽ, തണ്ണിത്തോട്) | 4 |
| 47 | തോട്ടപ്പുഴശ്ശേരി<br>(ചിറയിറമ്പ്, കുറിയന്നൂർ) | 2 |
| 48 | തുമ്പമൺ<br>(തുമ്പമൺ) | 4 |
| 49 | വടശ്ശേരിക്കര<br>(തലച്ചിറ, ചെറുകുളഞ്ഞി, പേഴുംപാറ) | 6 |
| 50 | വള്ളിക്കോട്<br>(വി-കോട്ടയം, കൈപ്പട്ടൂർ) | 4 |
| 51 | വെച്ചൂച്ചിറ<br>(ചാത്തൻതറ, കുടമുരുട്ടി, വെച്ചൂച്ചിറ) | 13 |

- ജില്ലയിൽ ഇതുവരെ ആകെ **24869** പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. ഇതിൽ **20643** പേർ സമ്പർക്കം മൂലം രോഗം സ്ഥിരീകരിച്ചവരാണ്.
- ഇന്ന് ജില്ലയിൽ കോവിഡ് ബാധിതരായ **4** പേരുടെ മരണം റിപ്പോർട്ട് ചെയ്തു.
    1) **27.11.2020**-ൽ രോഗബാധ സ്ഥിരീകരിച്ച തിരുവല്ല സ്വദേശി **(50) 16.12.2020**-ന് എറണാകുളത്തുള്ള സ്വകാര്യ ആശുപത്രിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ നിമിത്തം മരണമടഞ്ഞു.
    2) **01.12.2020**-ൽ രോഗബാധ സ്ഥിരീകരിച്ച അരുവാപുലം സ്വദേശി **(86) 16.12.2020**-ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ നിമിത്തം മരണമടഞ്ഞു.
    3) ഏഴംകുളം സ്വദേശി **(60) 16.12.2020**-ന് സ്വവസതിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ നിമിത്തം മരണമടഞ്ഞു. മരണശേഷം നടത്തിയ പ്രാഥമിക സ്രവ പരിശോധനയിൽ രോഗബാധ സ്ഥിരീകരിച്ചു.
    4) അടൂർ സ്വദേശി **(75) 16.12.2020**-ന് സ്വവസതിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ നിമിത്തം മരണമടഞ്ഞു. മരണശേഷം നടത്തിയ പ്രാഥമിക സ്രവ പരിശോധനയിൽ രോഗബാധ സ്ഥിരീകരിച്ചു.
- ജില്ലയിൽ ഇന്ന് **194** പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം **21441** ആണ്.
- പത്തനംതിട്ട ജില്ലക്കാരായ **3273** പേർ രോഗികളായിട്ടുണ്ട്. ഇതിൽ **3043** പേർ ജില്ലയിലും, **230** പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.
- ജില്ലയിൽ ഐസൊലേഷനിലുള്ളവരുടെ എണ്ണം.

| ക്രമ നമ്പർ | ആശുപത്രികൾ/ CFLTC/CSLTC | എണ്ണം |
|---|---|---|
| 1 | ജില്ലാ ആശുപത്രി കോഴഞ്ചേരി | **145** |
| 2 | റാന്നി മേനാംതോട്ടം CSLTC | **33** |
| 3 | പന്തളം അർച്ചന CFLTC | **148** |
| 4 | കോഴഞ്ചേരി മുത്തൂറ്റ് CSLTC | **161** |
| 5 | പെരുനാട് കാർമ്മൽ CFLTC | **205** |
| 6 | പത്തനംതിട്ട ജിയോ CFLTC | **37** |
| 7 | അടൂർ ഗ്രീൻവാലി CFLTC | **117** |
| 8 | നെടുമ്പ്രം CFLTC | **22** |

| ക്രമ നമ്പർ | ആശുപത്രികൾ/ CFLTC/CSLTC | എണ്ണം |
|---|---|---|
| 9 | മല്ലപ്പള്ളി CFLTC | 35 |
| 10 | കോവിഡ്-19 ബാധിതരായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർ | 1684 |
| 11 | സ്വകാര്യ ആശുപത്രികളിൽ | 105 |
| ആകെ | | 2692 |

- ജില്ലയിൽ **4059** കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. വിദേശത്തുനിന്നും തിരിച്ചെത്തിയ **2163** പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ **3547** പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ **305** പേരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ **37** പേരും ഇതിൽ ഉൾപ്പെടുന്നു.
- ആകെ **9769** പേർ നിരീക്ഷണത്തിലാണ്.
- ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ

| ക്രമ നമ്പർ | പരിശോധനയുടെ പേര് | ഇന്നലെ വരെ ശേഖരിച്ചത് | ഇന്ന് ശേഖരിച്ചത് | ആകെ |
|---|---|---|---|---|
| 1 | ദൈനംദിന പരിശോധന (RTPCR Test) | 131017 | 919 | 131936 |
| 2 | റാപ്പിഡ് ആന്റിജൻ പരിശോധന (New) | 118728 | 1403 | 120131 |
| 3 | റാപ്പിഡ് ആന്റിജൻ (Repeat) | 7830 | 191 | 8021 |
| 4 | റാപ്പിഡ് ആന്റിബോഡി പരിശോധന | 485 | 0 | 485 |
| 5 | ട്രൂനാറ്റ് പരിശോധന | 4422 | 18 | 4440 |
| 6 | സി.ബി.നാറ്റ് പരിശോധന | 330 | 0 | 330 |
| **ആകെ ശേഖരിച്ച സാമ്പിളുകൾ** | | 262812 | 2531 | 265343 |

- കൂടാതെ ജില്ലയിലെ സ്വകാര്യ ലാബുകളിൽ നിന്ന് ഇന്ന് **2160** സാമ്പിളുകൾ ശേഖരിച്ചിട്ടു ്.
- ഗവൺമെന്റ് ലാബുകളിലും, സ്വകാര്യ ലാബുകളിലുമായി ഇന്ന് ആകെ **4691** സാമ്പിളുകൾ ശേഖരിച്ചിട്ടു ്.
- **2124** സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.
- ജില്ലയിൽ കോവിഡ്-**19** മൂലമുള്ള മരണനിരക്ക് **0.42** ശതമാനമാണ്. ജില്ലയുടെ ഇന്നത്തെ ടെസ്റ്റ് പോസിറ്റീവിറ്റി റേറ്റ് **8.75** ശതമാനമാണ്.
- ജില്ലാ മെഡിക്കൽ ആഫീസറുടെ കൺട്രോൾ റൂമിൽ **39** കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ **121** കോളുകളും ലഭിച്ചു.
- ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് **1250** കോളുകൾ നടത്തുകയും, **9** പേർക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തു.
- പ്രോഗ്രാം ആഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും റിവ്യൂ മീറ്റിംഗ്, ജില്ലാ മെഡിക്കൽ ആഫീസറുടെ ചേമ്പറിൽ വൈകുന്നേരം **4.30** ന് കൂടി.

**ജില്ലാ കളക്ടർ**
**പത്തനംതിട്ട**